# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 18 No. 10 PUBLISHED FROM DELHI PRICE Rs. 3/- OCTOBER 2014


## ഫെയ്ത്ത് ഗോസ്പൽ ടീം തിരുവനന്തപുരം ജില്ലയിലും

**അടൂർ**: ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ സുവിശേഷീകരണ വിഭാഗമായ ഫെയ്ത്ത് ഗോസ്പൽ ടീം തിരുവനന്തപുരം ജില്ലയിലെ വെമ്പായം കേന്ദ്രമാക്കി 2014 സെപ്തംബർ 27-ാം തീയതി ശനിയാഴ്ച രാവിലെ മുതൽ രാത്രി 8:30 വരെ പരസ്യയോഗ പര്യടനം നടത്തി. വെമ്പായത്തിന്റെ പ്രാന്തപ്രദേശങ്ങളായ വാദ്യാരുകോണം, പേരുമല, ഒഴുക്കുപാറ, നെടുവേലി, കൊഞ്ചിറ, കൊപ്പം ജംഗ്ഷൻ എന്നിവിടങ്ങളിൽ നടന്ന പരസ്യയോഗങ്ങളിൽ ഫെയ്ത്ത് ഗോസ്പൽ ടീം അംഗങ്ങൾ വാദ്യമേളങ്ങളോടെ ഗാനങ്ങൾ ആലപിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ കോഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്, പാസ്റ്റർ സുമേഷ് പി. ലാസർ, പാസ്റ്റർ ബോബി പി. ജോൺ വെമ്പായം ഐ.പി.സി. സഭാ ശുശ്രൂഷകൻ പാസ്റ്റർ ടി.എം. ജോർജ്, സുവി.റെജി എന്നിവർ വിവിധ പ്രദേശങ്ങളിൽ ദൈവവചനം സംസാരിച്ചു.



ഫെയ്ത്ത് ഗോസ്പൽ ടീമിന്റെയും വെമ്പായം ഹെബ്രോൺ ഐ.പി.സി. യുടെയും ആഭിമുഖ്യത്തിൽ നടന്ന പരസ്യയോഗത്തിന്റെ ദൃശ്യം

വൈകിട്ട് ആറരമുതൽ എട്ടരവരെ വെമ്പായം ഐ.പി.സി. സഭാഹാളിൽ വച്ച് നടന്ന സമാപന സമ്മേളനം പാസ്റ്റർ ടി.എം. ജോർജ്, പ്രാർത്ഥിച്ചാരംഭിച്ചു. ടീം ലീഡർ സുവി. ജോൺസൺ ഡാനിയേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ടീം അംഗങ്ങൾ വിവിധ ഭാഷകളിൽ സംഗീതശുശ്രൂഷ നിർവ്വഹിച്ചു. അടുർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡീൻ പാസ്റ്റർ സുമേഷ് പി. ലാസർ സമാപന സന്ദേശം നൽകി. പ്രസ്തുത യോഗങ്ങൾക്ക് വെമ്പായം ഐ.പി.സി. സഭ സ്തുത്യർഹമായ നിലയിൽ ആതിഥേയത്വം വഹിച്ചു.

കഴിഞ്ഞ ഒന്നര വർഷമായി അടൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ടീം ഇതിനോടകം തന്നെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കൊല്ലം ജില്ലകളിൽ പര്യടനം നടത്തി. ദൈവഹിതമായാൽ അടുത്ത മാസം ഇടുക്കി ജില്ലയിലെ പീരുമേട് കേന്ദ്രമാക്കി പരസ്യയോഗങ്ങൾ നടത്തുവാൻ താത്പര്യപ്പെടുന്നുവെന്ന് ടീം ലീഡർ സുവിശേഷകൻ ജോൺസൺ ഡാനിയേൽ അറിയിച്ചു.

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 21-ാം ജനറൽ കൺവൻഷൻ

**അടൂർ**: ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിയൊന്നാമത് ജനറൽ കൺവൻഷൻ 2015 ഫെബ്രുവരി 26,27,28, മാർച്ച് 1 എന്നീ തീയതികളിൽ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 26-ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ മനോജ് തമ്പി (അടൂർ), പാസ്റ്റർ രാജേഷ് ഏലപ്പാറ, പാസ്റ്റർ കെ.ജെ. മാത്യു (പുനലൂർ) എന്നിവർ ആയിരിക്കും ഈ വർഷത്തെ മുഖ്യ പ്രാസംഗികർ. എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗവും നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യൂ. എഫ്. എന്നിവയുടെ വാർഷിക

(ശേഷം രണ്ടാം പേജിൽ)

## തിരഞ്ഞെടുപ്പിന്റെ പ്രസക്തി തിരിച്ചറിയുക: പാ. മനോജ് തമ്പി

അടൂർ: നാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നും ഈ കാലഘട്ടത്തിൽ നമ്മുടെ തിരഞ്ഞെടുപ്പിന് പ്രസക്തിയുണ്ടെന്നും പാസ്റ്റർ മനോജ് തമ്പി പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ കേരളാ റീജൻ പഴകുളം സഭയുടെ ആഭിമുഖ്യത്തിൽ പഴകുളം പാസ് ഓഡിറ്റോറിയത്തിൽ വച്ച് സെപ്തംബർ 20 ന് നടന്ന മാസയോഗത്തിൽ എഫെസ്യലേഖനം 1:4-6 വാക്യങ്ങളെ ആസ്പദമാക്കി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭ ക്രിസ്തുവിന്റെ ശരീരമായി, മന്ദിരമായി, മണവാട്ടിയായി, ഒരു സൈന്യമായി ചിത്രീകരിച്ചിരിക്കുന്ന ഈ ലേഖനത്തിൽ തിരഞ്ഞെടുപ്പിന്റെ ആധികാരികത പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു. ദൈവം തന്റെ ജനത്തെ ഒന്നാമതായി ക്രിസ്തുവിൽ നമ്മെ

(ശേഷം രണ്ടാം പേജിൽ)

യാത്രാവിവരണം

## കോച്ചസിലെ രണ്ട് ദിനങ്ങൾ: കൃതജ്ഞതയുടേയും

ഷിബു തമ്പി, ന്യൂഡൽഹി

**2005**ൽ ഡൽഹിയിൽ എത്തിയപ്പോൾ മുതലുള്ള ആഗ്രഹമായിരുന്നു ബിഹാറിലെ ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രധാന പ്രവർത്തന മണ്ഡലമായ കോച്ചസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിലും കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററും സന്ദർശിക്കുക എന്നുള്ളത്. അതിന് അവസരം ലഭിച്ചതോ കഴിഞ്ഞ ആഗസ്റ്റ് മാസത്തിലും.

ആഗസ്റ്റ് 13ന് രാവിലെ ബബുവാ റോഡ് റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്ന എന്നെയും ദൈവദാസനെയും(പാസ്റ്റർ എം. സാമുവൽകുട്ടി) സ്വീകരിക്കാൻ ബീഹാർ റീജൻ കോഓർഡിനേറ്റർ പാസ്റ്റർ രജനികാന്തും പാസ്റ്റർ കേദാർ മസിയും എത്തിച്ചേർന്നു. ഒരാഴ്ചയായി തുടർമാനം പെയ്ത മഴ കാരണം നിറഞ്ഞു കവിഞ്ഞുകിടക്കുന്ന പാടത്തിനു നടുവിലൂടെ കടന്നു പോകുന്ന ബബുവാ-പാറ്റ്ന ഹൈവേയിലൂടെ മുപ്പത് കിലോമീറ്റർ അകലെയുള്ള കോച്ചസിലേക്ക് യാത്ര തുടങ്ങി.



ആഗസ്റ്റ് 14ന് സ്നാനപ്പെട്ടവർ പാസ്റ്റർ എം. സാമുവൽകുട്ടിയോടൊപ്പം

കോച്ചസിലെത്തി ഞങ്ങൾക്ക് താമസം ഒരുക്കിയ ലോഡ്ജിൽ നിന്നും പെട്ടെന്ന് തയ്യാറായി കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ ഓഫീസിലേക്ക് പോയി. പ്രോജക്ട് മാനേജർ വിനോദ് കുമാറും മറ്റ് സ്റ്റാഫ് എല്ലാവരും ഞങ്ങളെ സ്വീകരിച്ചു. കംമ്പാഷൻ ഈസ്റ്റ് ഇന്ത്യയുടെ പ്രോജക്ട് ഫെസിലിറ്റേറ്ററുടെ പ്രത്യേക സന്ദർശനം ആയിരുന്നു അന്നത്തെ പ്രധാന പരിപാടി. 12 മണിയോടെ പാറ്റ്നയിൽ നിന്നും അദേഹം എത്തിച്ചേർന്നു. തുടർന്ന് ഔദ്യോഗികമായ ചർച്ചകളും റക്കോർഡ് പരിശോധനകളും ആരംഭിച്ചു. വൈകിട്ട് നാലു മണിയോടെ കോച്ചസിലെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളും കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററും പ്രവർത്തിക്കുന്ന ബിൽഡിങ്ങിലേക്ക് ഞങ്ങൾ പോയി. അവിടെ ഞങ്ങളെ പ്രതീക്ഷിച്ച് 140 ഓളം കുട്ടികൾ കാത്തിരിക്കുന്നുണ്ടായിരുന്നു. പ്രോജക്ട് ഫെസിലിറ്റേറ്ററുടെയും ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെയും സാന്നിധ്യത്തിൽ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ തങ്ങളുടെ സാക്ഷ്യങ്ങൾ പ്രസ്താവിക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ കുട്ടികളുടെ കഴിവും താലന്തും ഞങ്ങൾക്കു തിരിച്ചറിയാനായി. പ്രോജക്ടിലുള്ള 172 പേരിൽ 27 പേര് ഡിഗ്രി കോഴ്സുകളിലും എൻജിനിയറിംഗ്, ഫാർമസി, ബി.ബി.എ., ബി.സി.എ., തുടങ്ങിയ ഉന്നത വിദ്യാഭ്യാസത്തിനായി കോച്ചസിൽ നിന്നും പാറ്റ്ന, റാഞ്ചി തുടങ്ങിയ പട്ടണങ്ങളിലുള്ള കോളജുകളിൽ പഠിക്കുന്നു. ഒന്നാം ക്ലാസ്സുമുതൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെയും കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്റിന്റെയും സഹായത്താൽ പഠിച്ച് ഉന്നതവിദ്യാഭ്യാസമുള്ളവരായി അവർ മാറിയത് കാണാൻ കഴിഞ്ഞതിൽ ദൈവദാസൻ ദൈവത്തിനു നന്ദി പറഞ്ഞു. പ്രോജക്ട് ഫെസിലിറ്റേറ്റർ മടങ്ങിപോയതിനു ശേഷം പിറ്റേന്ന് നടക്കാനിരിക്കുന്ന സ്നാനശുശ്രൂഷയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകിയിട്ട് ഞങ്ങൾ റൂമിലേക്ക് മടങ്ങി.

14-ാം തീയതി രാവിലെ 9:30ന് തന്നെ ഓഫീസിൽ തിരിച്ചെത്തി. അവിടെവച്ച് ഞാൻ പരിചയപെട്ട ഒരു വ്യക്തിയുടെ ജീവിതം എന്നെ അത്ഭുതപ്പെടുത്തി. പ്രോജക്ട് മാനേജർ വിനോദ് കുമാറിന്റെ അമ്മാവന്റെ മകൻ സുരേന്ദർ റാം മസിയായിരുന്നു അത്. വിനോദ് ഭായി അദേഹത്തെ എനിക്ക് പരിചയപ്പെടുത്തിയത് 5-ാം വയസ്സിൽ വിവാഹിതനായ ആൾ എന്നാണ്. ഇപ്പോൾ അദ്ദേഹത്തിന് 40 വയസുണ്ട്. 2003 മുതൽ 2006 വരെ അദ്ദേഹം നമ്മുടെ ഇന്ത്യൻക്രിസ്ത്യൻ മിഷൻ സ്കൂളിലെ അധ്യാപകൻ ആയിരുന്നതിനാൽ പാസ്റ്റർക്ക് അദ്ദേഹത്തെ അറിയാമായിരുന്നു. 5-ാം വയസിൽ കുതിരപ്പുറത്ത് കയറി വിവാഹത്തിനുപോയ കാര്യം ഇന്നും അദ്ദേഹം ഓർക്കുന്നു. അദ്ദേഹത്തിന് 6 മക്കൾ; മൂത്ത മകൻ ബി.എസ്.സിക്കും ഏറ്റവും ഇളയകുട്ടി മൂന്നാം ക്ളാസിലും പഠിക്കുന്നു. 2007ൽ അദ്ദേഹത്തിന് ഗ്രാമസേ

(ശേഷം രണ്ടാം പേജിൽ)

*ഉൾപേജുകളിൽ...*


ഏക മദ്ധ്യസ്ഥൻ ക്രിസ്തു: പാസ്റ്റർഎം.സാമുവൽകുട്ടി (ഡൽഹി)

മരണവും നിത്യതയും : പാസ്റ്റർ മനോജ് തമ്പി (അടൂർ)

ആർ നമുക്കുവേണ്ടി പോകും: പാസ്റ്റർ ജയിംസ് ദാനിയേൽ(കുഴിക്കാല)

ക്രൂശ്: പൂത്തുലഞ്ഞ രക്തപുഷ്പം: ഇവാ. ജോൺ സാമുവൽ മണക്കാല (ഗ്രേയ്റ്റർ നോയിഡ)

*പത്രാധിപ ലേഖനം.......*

# ഏക മദ്ധ്യസ്ഥൻ ക്രിസ്തു



വചന വിരുദ്ധമായത് തിരിച്ചറിയുക എന്ന വിഷയത്തെക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. ദൈവവചനം മാത്രം പ്രമാണമായും അടിസ്ഥാനമായും കരുതി അത് അനുസരിച്ച് ജീവിക്കുന്ന ദൈവമക്കളെ ദുരൂപദേശക്കാർ എന്ന മുദ്ര കുത്തുന്നതിനുമുമ്പ് എന്താണ് യഥാർത്ഥ സഭ എന്ന് മനസിലാക്കുന്നത് നല്ലതാണ്. സഭ എന്നത് വെറും ഒരു കെട്ടിടമല്ല. അതിന്റെ അർത്ഥം വിളിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ്. തലയായ ക്രിസ്തുവിന്റെ ശരീരമാണ് സഭ. യേശു തന്റെ ശുശ്രൂഷയുടെ പ്രാരംഭ സമയം 12 പേരെ തന്റെ സഹായികളായി തിരഞ്ഞെടുത്തു. പിന്നീട് 70 പേരെ കൂടി ഈ സംഘത്തിലേക്ക് ചേർത്തു. തന്നെക്കുറിച്ചും ദൈവത്തെക്കുറിച്ചും ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇവരെ യേശു തിരഞ്ഞെടുത്തത്. അതിന് വേണ്ട എല്ലാ പരിശീലനങ്ങളും കർത്താവ് അവർക്കു നൽകി. യേശു അവർക്ക് കൊടുത്ത കല്പന സകലജാതികളോടും സുവിശേഷം അറിയിക്കുക എന്നുള്ളതായിരുന്നു(മത്തായി 28:18-20). സകലമനുഷ്യവർഗ്ഗത്തോടും സുവിശേഷം അറിയിക്കുന്നതിനും ദൈവരാജ്യവർദ്ധനവിനും വേണ്ടി പ്രവർത്തിക്കുന്നതിനുമായിട്ടത്രെ അപ്പൊസ്തലന്മാർ എന്ന് അറിയപ്പെട്ട ഇവരെ കർത്താവ് തിരഞ്ഞെടുത്തത്. അപ്പൊസ്ഥലൻ എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ അല്ലെങ്കിൽ ഒരു അധികാരിക്ക് പകരം അധികാരത്തോടെ അയയ്ക്കപ്പെട്ടവൻ എന്നത്രെ.

ആദിമ സഭയ്ക്ക് ഒരു പ്രത്യേക ഭരണമോ ചട്ടമോ ഏർപ്പെടുത്തിയിരുന്നില്ല. സഭാംഗങ്ങളുടെ മേൽ കർത്തൃത്വം നടത്തുന്നതിന് താൻ ആരെയും നിശ്ചയിച്ചിരുന്നില്ല. അവരെ വിശ്വാസപ്രമാണം ചൊല്ലിക്കൊടുത്ത് പഠിപ്പിച്ചിരുന്നില്ല. ഒരു ആരാധനാക്രമവും സഭയ്ക്കായി വ്യവസ്ഥപ്പെടുത്തിയിരുന്നില്ല. പ്രസ്തുത, തന്റെ അനുയായികൾക്ക് മാർഗ്ഗസംബന്ധമായ ചില കാര്യങ്ങൾ നടപ്പിൽ വരുത്തിയിരുന്നു. അവ സ്നാനവും തിരുവത്താഴവും മാത്രമായിരുന്നു. ഇവയിലെല്ലാം ഉപരി തന്റെ സ്വന്ത ജീവൻ സഭയ്ക്ക് കൊടുത്തു. തന്റെ രക്തത്താലത്രെ സഭയെ വിലയ്ക്കു വാങ്ങിയത്. സഭയിൽക്കൂടെ യേശുക്രിസ്തു ഉദ്ദേശിക്കുന്നത് ദൈവനാമം മഹത്വപ്പെടുത്തണം എന്നും ദൈവീക പദ്ധതി നിവർത്തീകരിക്കപ്പെടണം എന്നുമത്രെ. നസ്രയനായ യേശുവിനെ ദൈവപുത്രൻ എന്ന് വിശ്വസിക്കുകയും പാപികളുടെ രക്ഷിതാവായി അംഗീകരിക്കുകയും ദൈവരാജ്യത്തിന്റെ പ്രഭുവായി ക്രിസ്തുവിനെ അനുസരിക്കുകയും ചെയ്യുന്ന ഭൂത-വർത്തമാന-ഭാവികാലങ്ങളിലെ സകലരും ഉൾപ്പെട്ടിട്ടുള്ളതാണ് ക്രിസ്തീയ സഭ.

വചനവിരുദ്ധമായതും മാനുഷിക നിർമ്മിതവുമായ അനേകം ദുരൂപദേശങ്ങൾ പഠിപ്പിച്ച് ഭക്തരെ വഴിതെറ്റിക്കുകയാണ് പല നാമധേയ സഭകളും. മാതാവിനോടോ മറ്റ് വിശുദ്ധന്മാരോടോ മദ്ധ്യസ്ഥത നടത്തണമെന്ന് ഉപദേശിക്കുന്ന ഒരു വാക്യം പോലും ബൈബിളിൽ എഴുതപെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ഒരു ആത്മീയ നേതാവ് വഴിയും ആരും വിശുദ്ധർ ആകുന്നതുമില്ല. ദൈവവചനം പഠിപ്പിക്കുന്നു: യേശു എന്ന നാമമല്ലാതെ മനുഷ്യരെ രക്ഷിക്കുന്ന മറ്റൊരു നാമവുമില്ല(അപ്പൊ. 4:12). യേശു എന്ന സത്യവഴിയിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല(യോഹ.14:16). വിശുദ്ധരോട് പ്രാർത്ഥിക്കുന്നതിൽ ഒരർത്ഥവുമില്ലെങ്കിൽ നാം നമ്മുടെ സമയം എന്തിന് പാഴാക്കണം. ദൈവത്തിനും മനുഷ്യനും മദ്ധ്യസ്ഥനായി ഒരുവനെ ഉള്ളു. മനുഷ്യനായ യേശുക്രിസ്തു തന്നെ (1 തിമൊ. 2:5,6). അവൻ നമുക്കുവേണ്ടി പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് മദ്ധ്യസ്ഥത വഹിച്ചുകൊണ്ടിരിക്കുന്നു. അന്ധകാരം നിറഞ്ഞ ഈ ലോകം മനുഷ്യൻ യേശുക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനിലേക്ക് അടുക്കാതിരിക്കാനായി ധാരാളം മദ്ധ്യസ്ഥരെയും മദ്ധ്യസ്ഥകളെയും പ്രഖ്യാപിച്ചിട്ടുണ്ട്. യേശുവിനോട് നേരിട്ട് കാര്യം പറയുന്നതിനെക്കാളും ഈ മദ്ധ്യസ്ഥരോട് പറയുകയാണ് നല്ലതെന്ന് പിശാച് പറയുന്നു. ഈ ലോകം മദ്ധ്യസ്ഥരാക്കിയവർ പ്രത്യേകം വകുപ്പുകൾ മാത്രം കൈകാര്യം ചെയ്യുന്ന സ്പെഷ്യലിസ്റ്റുകളാണ്. ഈ മദ്ധ്യസ്ഥരോട് എല്ലാദിവസവും ഒരുപോലെ പ്രാർത്ഥിക്കുവാനും പാടില്ല. കാരണം, ചില മദ്ധ്യസ്ഥന്മാർക്ക് പ്രത്യേക ദിവസങ്ങളിൽ മാത്രമെ ശക്തിയുള്ളു എന്നാണ് അവർ വിശ്വസിക്കുന്നത്. ഉദാഹരണം, ചൊവ്വാഴ്ച അന്തോനീസിനോടും വ്യാഴാഴ്ച യൂദയോടും അപേക്ഷിക്കണം. മെയ്, ഒക്ടോബർ മാസങ്ങളിൽ മറിയം പ്രസാദിക്കും എന്ന് കരുതി മരിയസേവകൾ ഈ മാസങ്ങളിൽ നടത്താറുണ്ട്. ഇത്തരം മദ്ധ്യസ്ഥരുടെ ഭക്തർ മുട്ട, പാമ്പ്രൂപം, മാല, ചൂല്, പൂവ്, മുതിര, പലഹാരങ്ങൾ, പണം, ഇവരുടെ പ്രതിമകൾ എന്നിവ ഈ കൂട്ടരെ പ്രസാദിപ്പിക്കാനായി കൊടുത്തുവരുന്നു. ചില പള്ളികളിൽ ഇത്തരം മദ്ധ്യസ്ഥരുടെ ശക്തി വളരെ കൂടുതലാണത്രെ. എന്നാൽ ഇതേ സ്വരൂപം പ്രതിഷ്ഠിച്ചിട്ടുള്ള നൂറുകണക്കിന് മറ്റ് പള്ളികളിലേക്ക് ജനം പോകുന്നില്ല. അവിടെയൊന്നും ആ വിശുദ്ധർ യാതൊരു അത്ഭുതവും ചെയ്യുന്നില്ല. ജീവന്റെ ഉറവയായ യേശുക്രിസ്തുവിൽ നിന്നും ജനത്തെ അകറ്റി അവരെ വെള്ളം ഇല്ലാത്ത പൊട്ടക്കിണറിലേക്ക് തള്ളിവിട്ടത് അവരെ ഭരിക്കുന്ന നേതാക്കന്മാർ തന്നെ.

സ്വർഗ്ഗാധിസ്വർഗ്ഗത്തിലെ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് പുത്രനായ ക്രിസ്തു മാത്രമാണ് മദ്ധ്യസ്ഥത വഹിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രൻ അല്ലാതെ ആരും അവിടെ കയറിട്ടില്ല(യോഹ.3:13). അതുകൊണ്ടുതന്നെ ഈ ലോകത്തിൽ ജീവിച്ചുമരിച്ച വിശുദ്ധന്മാർക്ക് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത ചെയ്യുവാൻ കഴിയില്ല. മറിച്ച് അവർ വിശ്രമിക്കുകയാണ് (വെളി.14:13). പത്രൊസിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക: നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവ് തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞുപോകുവാൻ അടുത്തിരിക്കുന്നുവെന്ന് അറിഞ്ഞിരിക്കയാൽ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്ന് വിചാരിക്കുന്നു (2പത്രൊസ്1:13,14). ഈ വാക്യത്തിന്റെ അർത്ഥം താൻ മരിച്ചാൽ ആർക്കും വേണ്ടി ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്നത്രെ. ഇതുപോലെതന്നെ പൗലൊസിന്റെ വാക്കുകളും ശ്രദ്ധേയമാണ്. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു; എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏത് തിരെഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല, ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ട്പിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിക്കുവാൻ എനിക്ക് കാംക്ഷയുണ്ട്, അത് അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾക്ക് ഏറെ ആവശ്യം (ഫിലി.1:21-24). ജഡത്തിൽ നിന്ന് വിട്ട് പിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ വസിക്കുവാനുള്ള അടങ്ങാത്ത ആഗ്രഹമുള്ള ഈ ഭക്തൻ പറയുന്നു, ഞാൻ ജഡത്തിലിരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം. ജഡത്തിൽ വസിക്കുമ്പോൾ മാത്രമെ മറ്റുള്ളവർക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ കഴിയുകയുള്ളു എന്ന് പൗലൊസ് നന്നായി മനസ്സിലാക്കിയിരുന്നു. യെശയ്യാവിന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ജീവനുള്ളവർക്കു വേണ്ടി മരിച്ചവരോടോ ചോദിക്കേണ്ടത്? (യെശ. 8:19). നാം മറ്റൊരുവന്റെ വിഷയത്തിന് വേണ്ടി പ്രാർത്ഥിക്കുന്നതിന് ദൈവവചനം ഒരിക്കലും എതിരല്ല. പൗലൊസ് തനിക്കായി പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ആ വിഷയത്തെ വളച്ചൊടിച്ച് മരിച്ചുപോയ വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയ്ക്ക് വേദപുസ്തകത്തിൽ അടിസ്ഥാനമുണ്ടെന്ന് പറയുവാൻ സാധ്യമല്ല. കാരണം, പൗലൊസ് മുമ്പ് മരിച്ചുപോയ ഏതെങ്കിലും വിശുദ്ധനോട് പ്രാർത്ഥനയ്ക്ക് അപേക്ഷിച്ചതായി ഒരിടത്തും രേഖയില്ല. ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയാണ് ദൈവം കൈക്കൊള്ളുന്നത്, നമ്മുടെ ഏക മദ്ധ്യസ്ഥൻ ക്രിസ്തുവും. സകലവിഷയങ്ങൾക്കും മറുപടി തരുവാൻ കഴിവുള്ളവൻ നമുക്കുള്ളപ്പോൾ എന്തിന് മറ്റൊരു വഴി തേടണം?

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച്....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്. ഫെബ്രുവരി 28-ാം തീയതി രാവിലെ പത്ത് മണിമുതൽ അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഏഴാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും.

## തിരഞ്ഞെടുപ്പിന്റെ പ്രസക്തി...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

തിരഞ്ഞെടുത്തു. രണ്ടാമതായി ഫലം കായ്പാൻ തിരെഞ്ഞെടുത്തു. മൂന്നാമതായി ദൈവത്തിന്റെ പദ്ധതിയ്ക്കായി നമ്മെ തിരഞ്ഞെടുത്തു. നാലാമതായി ത്യാഗത്തിനായി തിരഞ്ഞെടുത്തു. ഈ വിധ തിരഞ്ഞെടുപ്പുകളെ മറക്കുന്നവരാകരുത് ദൈവജനം. നാം തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന് തെളിയിക്കേണ്ടത് ദൈവമാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതിന്റെ വ്യക്തത സമൂഹത്തിൽ ദൈവം വെളിപ്പെടുത്തും. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവരാണ് മോശെയും, അഹരോനും. കല്ലും, കല്പാത്രവും, കഴുതയും ദൈവീക പദ്ധതിയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവയിൽ ഉൾപ്പെടുന്നെങ്കിൽ ഈ കാലഘട്ടത്തിന്റെ ദൈവീക പദ്ധതികളുടെ പൂർത്തീകരണത്തിനായി നമ്മെയും അവൻ തിരഞ്ഞെടുത്തു എന്നും അദ്ദേഹം പറഞ്ഞു. റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ 34-ാം സങ്കീർത്തനത്തിൽ നിന്നും പാസ്റ്റർ തോമസ് മാത്യു പ്രബോധനം നടത്തി. തിരുവത്താഴ ശുശ്രൂഷയ്ക്ക് റീജൻ കോ ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് നേതൃത്വം നൽകി.

## കോച്ചസിലെ രണ്ട് ദിനങ്ങൾ...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

വകനായി ഗവൺമെന്റ് ജോലി ലഭിച്ചു. കുടുംബമായി വിശ്വാസത്തിലാണ്.

10മണിയോടെ ഓഫീസിൽ നിന്നും സ്നാനത്തിനുള്ള ക്ലാസ് നടക്കുന്ന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിലേക്ക് പോയി. പാസ്റ്റർ രജനികാന്ത് പ്രാർത്ഥിച്ച് യോഗം ആരംഭിച്ചു. തുടർന്ന് പ്രോജക്ട് മാനേജർ വിനോദ് കുമാറിന്റെ നേതൃത്വത്തിൽ ഹിന്ദി, ഭോജ്പുരി ഭാഷകളിൽ ഗാനങ്ങൾ ആലപിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. അതിനു ശേഷം ദൈവദാസൻ പാസ്റ്റർ എം. സാമുവൽകുട്ടി സ്നാനത്തെക്കുറിച്ചുള്ള ക്ലാസ്സെടുത്തു. സ്നാനാർത്ഥികളായ പതിനേഴ് പേർ സാക്ഷ്യത്തിലൂടെ തങ്ങളെ സമർപ്പിച്ചു. പ്രാർത്ഥനയ്ക്കു ശേഷം സ്നാനശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്ത ഒരു കടവിലേക്ക് യാത്രയായി.

നെഞ്ചൊപ്പം വെള്ളത്തിൽ ഓരോരുത്തരായി ദൈവദാസന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. അതിൽ ഏഴു പേർ ചെറുപ്പം മുതൽ കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ കീഴിൽ പഠിച്ചുകൊണ്ടിരിക്കുന്നവരും രണ്ടു പേർ പ്രോജക്ട് സ്റ്റാഫുകളുമായിരുന്നു എന്നത് പ്രത്യേക സന്തോഷം നൽകി.

തിരികെ പ്രോജക്ട് ഓഫീസിലെത്തി ഉച്ചഭക്ഷണത്തിനു ശേഷം സ്റ്റാഫ് മീറ്റിംഗ് ആരംഭിച്ചു. ഏകദേശം 3 മണിയോടെ ഞങ്ങൾ തിരികെ റെയിൽവേ സ്റ്റേഷനിലേക്കും പിറ്റേന്ന് നടക്കേണ്ട സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ക്രമീകരണത്തിനായി പാസ്റ്റർമാരും പ്രോജക്ട് സ്റ്റാഫും അതാതു വില്ലേജുകളിലേക്കും യാത്രതിരിച്ചു. ബീഹാർ മുഖ്യമന്ത്രി നയിക്കുന്ന ഒരു വാഹനജാഥ കാരണം സ്റ്റേഷനിൽ എത്താൻ വൈകിയതിനാൽ ട്രെയിൻ പിടിക്കാൻ കഴിയില്ല എന്നു കരുതി ഞങ്ങൾ വിഷമിച്ചു എങ്കിലും പതിവുപോലെ ട്രെയിൻ 2 മണിക്കൂർ വൈകിയാണ് എത്തിയത്. ഇനിയും കോച്ചസിലേക്ക് പോകണം എന്ന ആഗ്രഹത്തോടെയാണ് ഞാൻ ഡൽഹിയിൽ ട്രെയിനിറങ്ങിയത്. കോച്ചസിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനൊപ്പം അവിടം സന്ദർശിക്കുവാനുള്ള അവസരങ്ങളും ***വിശ്വാസി*** വായനക്കാർക്ക് ദൈവം ഒരുക്കട്ടെ എന്നാശംസിക്കുന്നു.


**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : ***വിശ്വാസി*** ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# മരണവും നിത്യതയും



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**ദൈവ**സൃഷ്ടിയിലെ അത്ഭുത പ്രതിഭാസമാണ് മനുഷ്യൻ. മനനം ചെയ്യുന്നവൻ, മതമുള്ളവൻ (അഭിപ്രായം), മനസ്സുള്ളവൻ ഇത്യാദി അർത്ഥതലങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്ന മനുഷ്യൻ എന്ന പദം സൃഷ്ടിയുടെ മണിമകുടമെന്ന പദവി അലങ്കരിച്ചിരിക്കുന്നു. നിലത്തെ പൊടികൊണ്ട് നിർമ്മിക്കപ്പെട്ട മനുഷ്യൻ അനന്തവിഹായസ്സിനുമപ്പുറം ആശയചാലകങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. വലിപ്പമേറിയ വാഹന വ്യൂഹങ്ങളെ നിർണ്ണായക സ്പർശനം കൊണ്ടും നിയന്ത്രിക്കുവാനും ആഴപരപ്പിലെ അനന്തവിസ്മയങ്ങളെ നിമിഷാർദ്ധത്തിൽ സ്വീകരണ മുറികളിലെത്തിക്കുവാനും മനുഷ്യൻ പ്രാപ്തനായിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ ലോകഗതിയുടെ സ്പന്ദനം മാധ്യമ സന്ദേശങ്ങളാക്കി സമൂഹത്തെ അറിവിന്റെ ആകാശത്തേക്ക് മനുഷ്യൻ അടുപ്പിച്ചുകൊണ്ടിരിക്കുന്നു. ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ പരിഹരിക്കുവാൻ പഠനശാലകളിൽ ഉപരിപഠനവും ഗവേഷണങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു. കുടുംബ ബന്ധങ്ങളിലെ തകർച്ച നേരിടാൻ കൗൺസിലിംഗ് സെന്ററുകളും ആത്മദാഹം തീർക്കുവാൻ ആത്മീയ കൂട്ടായ്മകളും രോഗങ്ങളെ പ്രതിരോധിക്കുവാൻ ആശുപത്രികളും രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. പരിമിതികൾ മൂലം പറക്കുവാൻ കഴിയാത്ത മനുഷ്യൻ വിമാനങ്ങളും, അപായ സൂചന നൽകുന്ന സമുദ്രമദ്ധ്യേ കപ്പലുകളും നിർമ്മിച്ചിറക്കി സകലത്തെയും കീഴടക്കിയിരിക്കുന്നു. എന്നാൽ മരണമെന്ന ദൈവീകനിയമത്തിനു മുമ്പിൽ കീഴടങ്ങുന്ന മനുഷ്യൻ പൂർണ്ണ പരാജയമായിരിക്കുന്നു.

മനുഷ്യകുലത്തിന്റെ ആജീവനാന്ത ശത്രു മരണമാണ്. ഗർഭപാത്രത്തിനുള്ളിൽ മുതൽ വാർദ്ധക്യകാല കിടക്ക വരെ മരണഹസ്തങ്ങൾ നീണ്ടുചെല്ലുന്നു. മരണം മനുഷ്യനെ നിശബ്ദനാക്കുന്നു, നിഷ്ക്രിയനാക്കുന്നു, നിശ്ചലനാക്കുന്നു, നിരാശനാക്കുന്നു. ചിന്തകളെയും പ്രവർത്തനങ്ങളെയും സ്വപ്നങ്ങളെയും ബന്ധങ്ങളെയും മരണം നിർത്തൽ ചെയ്യുന്നു. മനുഷ്യജീവൻ പോലെ തന്നെ മരണവും ഒരു അത്ഭുതപ്രതിഭാസമാണ്. "പാപത്തിന്റെ ശമ്പളം മരണം(റോമ.6:23) പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹസ്ക്കേൽ: 18:20) ശാസ്ത്രീയ ഭാഷ്യത്തിൽ മരണത്തിന് മൂന്ന് ഘട്ടങ്ങൾ ഉണ്ട്. ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനം നിലയ്ക്കുന്ന പ്രാഥമിക ഘട്ടവും, തൽഫലമായി തലച്ചോറിൽ പ്രാണവായു ലഭിക്കാതെ തലച്ചോറിന്റെയും നാഡീവ്യൂഹങ്ങളുടെയും പ്രവർത്തനം നിലയ്ക്കുന്ന രണ്ടാം ഘട്ടവും, ശവശരീരത്തിന്റെ നിറവും ആകൃതിയും മാറുന്ന മൂന്നാം ഘട്ടവും സംഭവിക്കുന്നതോടെ മരണം പൂർണ്ണമാകുന്നു.

> ക്രിസ്തുവിന്റെ ജഡധാരണവും ക്രൂശ് മരണവും ഉയിർത്തെഴുന്നേൽപ്പുമാണ് മരണാനന്തര ജീവിതത്തിന്റെ പൂർണ്ണചിത്രം ലോകത്തിനു നൽകുന്നത്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നുള്ള ക്രിസ്തുനാഥന്റെ വാക്കുകൾ മരണത്തോടുള്ള മനുഷ്യന്റെ ഭയാശങ്കകൾക്ക് വിരാമം ഇടുന്നു. പുനർജന്മം എന്ന ആശയം വീണ്ടും ലോകത്തിലേക്ക് മടങ്ങി വരുവാനും അനുഭവിച്ചു വരുന്ന കഷ്ടതകൾ വീണ്ടും അനുഭവിക്കുവാനും അവസരം ഒരുക്കുമ്പോൾ പുനരുത്ഥാനം എന്ന ക്രിസ്തു വീക്ഷണം മറ്റൊരു ലോകത്തിലേയ്ക്കുള്ള പ്രത്യാശയെയാണ് നമുക്ക് നൽകുന്നത്.

മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ല എന്ന ചിന്താഗതി പുരാതന മതങ്ങളും മാനവ സംസ്കാരങ്ങളും വിശ്വസിച്ചിരുന്നു എങ്കിലും യേശുക്രിസ്തുവിന്റെ ജഡധാരണവും (Incarnation) ക്രൂശ് മരണവും ഉയിർത്തെഴുന്നേൽപ്പുമാണ് മരണാനന്തര ജീവിതത്തിന്റെ പൂർണ്ണ ചിത്രം ലോകത്തിനു നൽകുന്നത്. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നുള്ള ക്രിസ്തുനാഥന്റെ വാക്കുകൾ മരണത്തോടുള്ള മനുഷ്യന്റെ ഭയാശങ്കകൾക്ക് വിരാമം ഇടുന്നു. പുനർജന്മം എന്ന ആശയം വീണ്ടും ലോകത്തിലേക്ക് മടങ്ങി വരുവാനും അനുഭവിച്ചു വരുന്ന കഷ്ടതകൾ വീണ്ടും അനുഭവിക്കുവാനും അവസരം ഒരുക്കുമ്പോൾ "പുനരുത്ഥാനം" എന്ന ക്രിസ്തു വീക്ഷണം മറ്റൊരു ലോകത്തിലേയ്ക്കുള്ള പ്രത്യാശയെയാണ് നമുക്ക് നൽകുന്നത്. ക്രിസ്തുവിലൂടെ മരണമില്ലാത്ത ലോകം ദൈവം നമുക്ക് സമ്മാനിക്കുന്നു. കാണപ്പെടാത്തവയെക്കൊണ്ട് കാണുവാൻ കഴിയുന്നവയെ നിർമ്മിക്കാമെന്നും, കാണുവാൻ കഴിയുന്നവയെ അദൃശ്യമായ അവസ്ഥയിലേക്ക് കൊണ്ടുപോകുവാൻ കഴിയുമെന്നും ശാസ്ത്രം സമ്മതിക്കുന്നു. അതിനുള്ള ശാസ്ത്രീയ നാമങ്ങളാണ് ഭൗതിക മാറ്റവും (Physical Change) രാസമാറ്റവും (Chemical Change). മനുഷ്യ നിർമ്മിതമായ മെഴുകുതിരി കത്തി തീർന്നാൽ അതിനെ പഴയ അവസ്ഥയിലേക്ക് കൊണ്ടു വരുവാൻ കഴിയുകയില്ല. എന്നാൽ മരിച്ചു ചാരമായോ ധൂളിയായോ തീർന്നു പോയ മനുഷ്യ ശരീരത്തെ അവ്യക്തതയിൽ നിന്നും വ്യക്തതയിലേക്ക് ദൈവം വിളിച്ചു വരുത്തും. ബൈബിൾ വ്യക്തമാക്കുന്നു; "എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും, അന്യനല്ല എന്റെ സ്വന്തകണ്ണ് അവനെ കാണും" (ഇയ്യോ 19:26,27)

## ആർ നമുക്കു വേണ്ടി പോകും?

(നാലാം പേജിൽ നിന്ന് തുടർച്ച)

വിശ്വാസിയേ നിനക്കാകുന്നു ഈ ദൂത് അറിയിപ്പാനുള്ള ചുമതല. അപ്പൊസ്തലനായ പൗലൊസ് ഈ സത്യം ഗ്രഹിച്ചപ്പോൾ പറഞ്ഞു; സുവിശേഷം അറിയിക്കുന്നില്ലയെങ്കിൽ എനിക്ക് അയ്യോ കഷ്ടം. നിർബന്ധം എന്റെ മേൽ കിടക്കുന്നു(1കൊരിന്ത്യർ 9:16). രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ വേലയാണിത്. പ്രിയരെ, ഒരു നിമിഷം ചിന്തിക്കൂ സുവിശേഷത്തിനായി നാം നിർബന്ധിതരോ?

ദൈവം ഈ രക്ഷാവേല ആരെയും ആധികാരികമായി ഏൽപ്പിക്കുകയോ, നിർബന്ധിക്കുകയോ ചെയ്യുന്നില്ല. ഞാൻ ആരെ അയക്കും, ആർ പോകും എന്നിങ്ങനെ മുട്ടിപ്പായി ചോദിക്കുന്ന ഒരു അപേക്ഷയായിട്ടാണ് നമുക്ക് ഈ ചോദ്യം കാണാവുന്നത്. വെളിപ്പാട് പുസ്തകം മൂന്നാം അദ്ധ്യായത്തിൽ കർത്താവായ യേശു ലവോദിക്യാ സഭയോട് ദൂത് പറയുന്നത്; ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ....(3:20) എന്നാണ്. അധികാരമോ, നിർബന്ധമോ നാം ഇവിടെ കാണുന്നില്ല. ഈ ഭാരതത്തിന്റെ മണ്ണിൽ അകൃത്യത്തിൽ മുഴുകിയും അന്ധതയിൽ കുടുങ്ങിയും കിടക്കുന്ന ആയിരങ്ങളുടെ മുറവിളി അനുദിനം വർദ്ധിച്ചു വരുന്നു. അതിൽ ആർ എനിക്കുവേണ്ടി പോകും എന്ന അടിയന്തിര ചോദ്യത്തിന് ഒരു മറുപടി നൽകിയേ മതിയാകു. അടിയനെ അയയ്ക്കണമേ എന്ന് ആത്മാർത്ഥമായ സമർപ്പണത്തോടെ പറയുവാൻ ആര് മുമ്പോട്ടുവരും? സമർപ്പണം ഉള്ളവരെയാണ് കർത്താവിനാവശ്യം. സ്നേഹിതരേ! കാൽവറിയുടെ യാഗപീഠത്തിൽ മരണത്തിനു മനസ്സുവച്ച ദൈവപുത്രൻ- യേശു ക്രിസ്തു, അവന്റെ രക്തത്താലുള്ള വീണ്ടെടുപ്പ്, അവന്റെ നാമത്തിലുള്ള പാപമോചനം എന്നിവ ഇനിയും അടക്കി വയ്ക്കുകയോ? സുവിശേഷത്തിന്റെ ദൂതുമായി പരിശുദ്ധാത്മ നിറവിനാൽ ഭാരതത്തിന്റെ പരപ്പിലേക്ക് നമുക്ക് കടന്ന് പോകാം.


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Niwas, 101, Block- A, 96E, Ward No-2, Mehrauli, New Delhi-110030**
**Ph: 9810084388, E-mail: icm4india@yahoo.com,**
**Website: www.indianchristianmission.com**

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/12 - 14
Date of Publication - 5th October 2014

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

## ആർ നമുക്കു വേണ്ടി പോകും?

**പാസ്റ്റർ ജയിംസ് ദാനിയേൽ കുഴിക്കാല**

ദൈവം മനുഷ്യനോട് ചോദിക്കുന്ന ഒരു വലിയ ചോദ്യം ആകുന്നു മീതെ ഉദ്ധരിച്ചിരിക്കുന്നത്. ഞാൻ ആരെ അയക്കും? ആര് പോകും? പ്രവാചകനായ യെശയ്യാവ് ദർശിക്കുന്ന ഒരു പുതിയ കാഴ്ചയാണ് ആറാം അദ്ധ്യായത്തിന്റെ പ്രാരംഭഭാഗത്ത് നാം കാണുന്നത്. വലിയ സംഗതി എന്തെന്നാൽ പ്രവാചകൻ യിസ്രയേലിന്റെ പരിശുദ്ധനായ ദൈവത്തെ കണ്ടു എന്നതാണ്. അതുപോലെ കർത്താവിന്റെ ഇരിപ്പിടം, ദൈവത്തിന്റെ മഹത്വം, ആരാധകരുടെ കൂട്ടം ഇവയെല്ലാം താൻ ദർശിച്ചു. ഒരു അസാധാരണ കാഴ്ചയാണ് ഇവിടെ താൻ കാണുന്നത്. ഈ ഭൂമിയിൽ ഒരിടത്തും ആർക്കും ലഭിക്കാത്ത അതിമഹത്തായ സിംഹാസനം. അത്ഭുതമാകുന്ന മഹത്വം, പ്രഭയേറുന്ന സമ്പൂർണ്ണത, ശബ്ദ മുഖരിതമായ ആരാധനയും ആയിരുന്നു. ഈ വിധ മഹത്വമേറിയ കാര്യങ്ങൾ ദൈവം ആരാകുന്നു എന്ന് വ്യക്തമാക്കി. അതെ അവൻ ഏറ്റവും ഉന്നതൻ, സമ്പൂർണ്ണ മഹത്വധാരി, ആരാധ്യൻ, ആത്മാക്കളെ ആരായുന്നവൻ തന്നെ. ദർശകനായ പ്രവാചകൻ ശ്രവിച്ച നാദമാകുന്നു ശ്രദ്ധേയമായിട്ടുള്ളത്. ദൈവമായ കർത്താവിന്റെ ഒരു ചോദ്യം ഞാൻ ആരെ അയക്കും, ആര് പോകും (യെശ.6:8). ഈ ചോദ്യം ഒരു മുഴക്കം തന്നെയായിരുന്നു. ദൈവത്തിന് നേരിട്ട് നിവർത്തിപ്പാൻ കഴിയാത്ത ഒരു വലിയ കാര്യം. അതിനുവേണ്ടിയുള്ള ഒരു ചോദ്യമത്രെ ഇത്. ഇവിടെ ദർശിച്ച സകല കാര്യങ്ങൾക്കും കേട്ട ശബ്ദത്തിനും ഉപരിയായി ഈ ചോദ്യത്തിനാണ് താൻ പ്രാധാന്യം നൽകുന്നത്. അതിന് താൻ ശ്രദ്ധിക്കുന്നു, തയ്യാറാകുന്നു, മറുപടിയും നൽകുന്നു. അടിയൻ ഇതാ അടിയനെ അയയ്ക്കണമേ. പ്രിയരെ! ഉന്നതനും ഉടയവനുമായ നമ്മുടെ ദൈവം ഇന്നും എന്നോടും നിങ്ങളോടും ചോദിക്കുന്ന ഒരേ ഒരു ചോദ്യം ഇതുതന്നെയാണ്. ഇത് വിലപ്പെട്ട ഒരു ചോദ്യം തന്നെയാകുന്നു. നാം തിരസ്കരിച്ച് മുന്നോട്ട് പോകരുത്. അത് അപകടത്തിൽ വീഴും. ഈ ഭൂമിയിൽ സകലതും നിവർത്തിപ്പാൻ കഴിവുള്ളവനും ഇതിന്റെ അധികാരിയും ദൈവം ആകുന്നു എന്നു നാം അറിയുന്നു. എങ്കിലും തനിക്ക് മനുഷ്യവർഗ്ഗത്തോട് ഉള്ള രക്ഷാദൂത് അറിയിപ്പാൻ കഴിയുന്നില്ല. എന്നാൽ ആ രക്ഷയുടെ ദൂത് അറിയിപ്പാൻ നമുക്ക് ഒരോ വ്യക്തികൾക്കും ദൈവം ചുമതലയും അവകാശവും തന്നിരിക്കുന്നു. ആകയാൽ നാം കർത്താവിന്റെ ശബ്ദത്തിനു മുമ്പിൽ ഈ കാലഘട്ടത്തെ നന്നായി ഗ്രഹിച്ച് ഈ രക്ഷയുടെ ദൂതിന്റെ വാഹികളായി തീരാം.

**ഭാരതത്തിന്റെ മണ്ണിൽ അന്ധ്യത്തിൽ മുഴുകിയും അന്ധതയിൽ കുടുങ്ങിയും കിടക്കുന്ന ആയിരങ്ങളുടെ മുറവിളി അനുദിനം വർദ്ധിച്ചുവരുന്നു. അതിൽ ആർ എനിക്കുവേണ്ടി പോകും എന്ന അടിയന്തിര ചോദ്യത്തിന് ഒരു മറുപടി നൽകിയേ മതിയാകു. അടിയനെ അയയ്ക്കണമേ എന്ന് ആത്മാർത്ഥമായ സമർപ്പണത്തോടെ പറയുവാൻ ആര് മുമ്പോട്ടുവരും. സമർപ്പണം ഉള്ളവരെയാണ് കർത്താവിനാവശ്യം**

കർത്താവിന്റെ ചോദ്യത്തിന്റെയും പ്രവാചകന്റെ ദർശനത്തിന്റെയും മുമ്പിൽ ചില വസ്തുതകൾ വ്യക്തമാണ്. അതിവിശേഷതയും ആകർഷണവും ഉള്ളതായ സാറാഫുകളുടെ ആരാധനയെ അതിജീവിക്കുന്ന ഒരു ശുശ്രൂഷ ഉണ്ട്. ഈ ലോകത്തിൽ ദൈവത്തിന്റെ രക്ഷാവചനം അറിയിക്കുക എന്നതാണ് ആ ശുശ്രൂഷ. ആ ദുത് കർത്താവ് ദൂതന്മാരെ ഭരമേൽപ്പിച്ചിട്ടില്ല.

ഉന്നത സിംഹാസനസ്ഥനും, മഹത്വധാരിയുമായവൻ, സാറാഫുകളുടെ സ്തുതി കേൾക്കുന്നവൻ അതിൽ മാത്രം തൃപ്തനാകുന്നില്ല. പിന്നെയോ അകൃത്യ ഭാരം ചുമക്കുന്ന മനുഷ്യനെ വിടുവിച്ച് മഹത്വം അണിയിച്ച് തന്റെ സന്നിധിയിൽ ഒരുക്കി നിർത്തുന്നതിലാണ് സന്തോഷം. എന്താണ് മനുഷ്യവർഗ്ഗത്തിന്റെ സ്ഥിതി എന്ന് ഗ്രഹിക്കുക. കാഴ്ചയും കേൾവിയും നഷ്ടപ്പെട്ടവർ, ഹൃദയം കൊണ്ട് ഗ്രഹിപ്പാൻ കഴിയാത്തവർ, സൗഖ്യമില്ലാതെ വേദന അനുഭവപ്പെടുന്നവർ (വാക്യം 10). ആയതിനാൽ ആത്മീയമായി ഈ നിലയിൽ അധഃപതിച്ച സമൂഹത്തിലേക്ക് ദൈവശബ്ദം ഏറ്റെടുത്ത് നമുക്ക് രക്ഷാദൂതുമായി ഇറങ്ങാം. അട്ടഹസിച്ച് ആർക്കുന്ന ദൂതഗണത്തിനല്ല; അകൃത്യം നീങ്ങി, പാപത്തിനു പരിഹാരം കിട്ടിയ

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030**

---

**ഉറവ**

## ക്രൂശ്: പൂത്തുലഞ്ഞ രക്തപുഷ്പം



**ഇവാ. ജോൺ സാമുവൽ മണക്കാല**

**സത്യനായകാ മുക്തിദായകാ**
**പുൽത്തൊഴുത്തിൽ പുളകമായ**
**സ്നേഹനായകാ ശ്രീയേശു നായകാ**

**കാൽവരിയിൽ പൂത്തുലഞ്ഞ രക്തപുഷ്പമേ**
**കാലത്തിന്റെ കവിതയായ കനക താരമേ**
**നിന്നൊളി, കണ്ടുണർന്നിടാത്ത കണ്ണ് കണ്ണാണോ**
**നിന്റെ കീർത്തി കേട്ടിടാത്ത കാത് കാതാണോ**

മൂന്നരപതിറ്റാണ്ടായി മലയാളികൾ കേട്ടുകൊണ്ടിരിക്കുന്ന വളരെ ശ്രദ്ധേയമായ മനോഹര ഗാനമാണിത്. കൈരളിയ്ക്ക് ഒരിക്കൽപോലും മാറ്റി നിർത്തുവാനോ വിസ്മരിക്കുവാനോ സാധിക്കാത്ത പ്രഭാവനായ് ഇന്നും വിരാജിക്കുന്ന ഉന്നത വ്യക്തിത്വത്തിനുടമയായ ശ്രീകുമാരൻ തമ്പിയാണ് ഈ ഗാനത്തിന്റെ രചയിതാവ്.

കളരിക്കൽ കൃഷ്ണപിള്ള-ഭവാനിക്കുട്ടിതങ്കച്ചി ദമ്പതികളുടെ മകനായി 1940 മാർച്ച് 16ന് ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് (മാവേലിക്കരയ്ക്കടുത്ത് തോന്നക്കാട്) ശ്രീകുമാരൻ തമ്പി ജനിച്ചു. മലയാള സാഹിത്യ-സാംസ്കാരിക-കലാ രംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ ശ്രീകുമാരൻതമ്പി നിർമാതാവ്, സംവിധായകൻ, ഗാനരചയിതാവ്, തിരകഥാകൃത്ത് എന്നീ നിലകളിൽ സിനിമാ രംഗത്ത് നിറസാന്നിദ്ധ്യമാണ്. തന്റെ അനുഗ്രഹീതമായ തൂലികയിൽ നിന്നും ഇതിനോടകം ഹൃദയസ്പർശങ്ങളായ ഏകദേശം 3500 ഗാനകുസുമങ്ങൾ വിരിഞ്ഞിട്ടുണ്ട്. വിവിധ രാഗങ്ങളിലുള്ള ഒരോ ഗാനങ്ങളുടെയും സൗരഭ്യവും സൗന്ദര്യവും അവർണ്ണനീയമാണ്.

സത്യനായകാ, മുക്തിദായകാ.... എന്ന സൂപ്പർഹിറ്റ് ഗാനംതന്നെ അതിനൊരു ഉദാത്ത ഉദാഹരണമാണ്. 1979-ൽ ജീവിതം ഒരു ഗാനം എന്ന സിനിമയ്ക്കുവേണ്ടി ശ്രീകുമാരൻ തമ്പി രചിച്ച് പ്രസിദ്ധ സംഗീത സംവിധായകനായ ശ്രീ. എം. എസ്. വിശ്വനാഥൻ ഈണം പകർന്ന് ഗാനഗന്ധർവ്വൻ പത്മശ്രീ ഡോ. കെ.ജെ. യേശുദാസ് ആലപിച്ച ഈ ഗാനം വളരെ അർത്ഥസമ്പുഷ്ടവും ചിന്തനോദ്ധീപകവും അപ്പോൾ തന്നെ യേശുവിന്റെ ക്രൂശിതരൂപത്തെ വർണ്ണിച്ചിരിക്കുന്ന വിധവും വളരെ ഹൃദ്യമാണ്.

രണ്ടായിരം വർഷങ്ങൾക്ക് മുൻപ് കാൽവറിമലയുടെ നെറുകയിൽ ഉയർത്തപ്പെട്ട ക്രൂശ്. തലയോട്ടിമല എന്നറിയപ്പെടുന്ന ഈ കുന്ന് അല്പം ദൂരെ നിന്ന് ദർശിച്ചാൽ ഒരു മനുഷ്യന്റെ തലയോടിന്റെ രൂപം പോലെ തോന്നിക്കും എന്നത് യാഥാർത്ഥ്യമാണ്. പാരമ്പര്യ വിശ്വാസമനുസരിച്ച് ആദാമിന്റെ തലയോട്ടി ആ ഭാഗത്തുനിന്നും കണ്ടെടുക്കപ്പെട്ടു എന്നാണ് കരുതുന്നത്. അങ്ങനെയെങ്കിൽ ക്രൂശിതനായി കിടക്കുന്ന യേശുവിന്റെ തിരുമുറിവുകളിൽ നിന്നും ഒഴുകിയിറങ്ങിയ രക്തം മരകുരിശിലൂടെ കിനിഞ്ഞ് താഴോട്ട് തലയോട്ടിമലയുടെ മുകളിൽ ഇറ്റിറ്റു വീണു. ചിന്നിചിതറി വീണ്ടും ഒന്നിച്ചുകൂടി ചുവപ്പുനിറമുള്ള ചോലയ്ക്കുതുല്യം മാനവകുലത്തിന്റെ ചതഞ്ഞരഞ്ഞ പനിനീർപുഷ്പത്തിന് രൂപഭംഗി നഷ്ടപ്പെട്ടാലും അതിന്റെ സുഗന്ധം പാരാകെ പരക്കും. യേശു എന്തിനായി ജനിച്ചു എന്ന ചോദ്യത്തിന് മരിക്കുവാൻ എന്ന ഉത്തരമാണ് ക്രൂശ് നൽകുന്നത്. അവിടുത്തെ മരണം ഒരു കുലപാതകമോ ആത്മഹത്യയോ ആയിരുന്നില്ല. പ്രത്യുത സ്വയം ഏൽപ്പിച്ചുകൊടുക്കലായിരുന്നു. എന്തിന്? ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും സകലമനുഷ്യരിലും പരന്നിരിക്കുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ത്യാഗബലിമരണത്തിലൂടെ കൃപയാലുള്ള ദാനവും പാപമോചനവും നീതീകരണവും അനേകർക്കുവേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു.

ക്രൂശിനെ വിസ്മരിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ സുവിശേഷ പ്രഭാഷണങ്ങൾ അല്ല. ക്രൂശിനെ അകറ്റി നിർത്തി രചിക്കുന്ന ഗാനങ്ങൾ ക്രിസ്തീയ ഗാനങ്ങളുമല്ല. ക്രിസ്തീയ വിഭാഗത്തിന്റെ മതചിഹ്നമായി മാത്രം ക്രൂശിനെ കാണുന്നത് തികച്ചും പരിതാപകരമാണ്. സർവ്വലോകത്തിന്റെ നിത്യതയ്ക്കുള്ള ഏകമാർഗ്ഗമായി ഉയർത്തപ്പെട്ട ക്രൂശിതരൂപമല്ലാതെ വേറൊരു വഴിയില്ല. ആ രക്തപുഷ്പത്തിന്റെ ശോഭ കാലം കഴിയുന്തോറും ഏറിയേറി വരും എന്നു മാത്രമല്ല, ഇത് മാലോകരുടെ വിപ്ളവാത്മകമായ മാനസാന്തരത്തിനും സാത്താന്റെ സാമ്രാജ്യശക്തിക്കെതിരെയുള്ള നിരന്തര വിജയമായും തുടരും.

ശ്രീകുമാരൻതമ്പി എഴുതിയതുപോലെ കാലത്തിന്റെ കവിതയാണ് ക്രൂശ്. ലോകത്തിനു സുഗന്ധവും പ്രഭയും നൽകുന്ന ക്രൂശ്!

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*